DESPATCHED
8/3/23

REGISTERED POST

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
## പുന്നൻ റോഡ്, തിരുവനന്തപുരം 695 001

Tel: 0471- 2561631, 2561615, Fax: 0471-2330920
Email:- sic.ker@nic.in

**ഹർജി നമ്പർ AP.No.832 (5)/2022/SIC**

**തീർപ്പ്കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No. 5437/SIC-G7/2022**

**സന്നിഹിത**

**ശ്രീമതി. ശ്രീലത പി.ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ഉത്തരവ് തീയതി :. 30.12.2022**

**ശ്രീ. ഡി.എം.ശശിധരൻ,**
**രമ്യ നിവാസ്, IARA House No.5, TC.70/2296,**
**ചിറമുക്ക്, ആറ്റുകാൽ, മണക്കാട് പി.ഒ,**
**തിരുവനന്തപുരം – 9.** } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**
   **തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ,**
   **ഫോർട്ട് സോണൽ ഓഫീസ്, തിരുവനന്തപുരം.**

2. **അപ്പീൽ അധികാരി,**
   **തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ,**
   **ഫോർട്ട് സോണൽ ഓഫീസ്, തിരുവനന്തപുരം.**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) അപേക്ഷ തീയതി | 20.12.2021 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | 15.01.2022 |
| ഒന്നാം അപ്പീൽ | 08.02.2022 |
| അപ്പീൽ അധികാരിയുടെ തീരുമാനം | 24.02.2022 |
| രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 04.04.2022 |
| ഹിയറിംഗ് തീയതി, | 20.12.2022 |
| എതിർകക്ഷി<br>അപ്പീൽവാദി | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ വിവരാവകാശ അപേക്ഷയിലൂടെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് ആവശ്യപ്പെട്ടത്, ബഹു.കേരള ഹൈക്കോടതിയിലെ WPC നമ്പർ 12609/13A റിട്ട് പെറ്റീഷനിലെ ഒന്നാം ഹർജിക്കാരനായ ടിയാൻ ശ്രീമതി ശുഭ കുമാരിയുടെ പേരിൽ 13.03.2013 ൽ ഫയൽ ചെയ്ത പെറ്റീഷനെ സംബന്ധിച്ച സൈറ്റ് പരിശോധനയോ, അന്വേഷണമോ നടത്തിയിരുന്നോ എന്നതുമായി ബന്ധപ്പെട്ട വിവരങ്ങളായിരുന്നു. പ്രസ്തുത അപേക്ഷയ്ക്ക് ഒന്നും രണ്ടും എതിർകക്ഷികൾ മറുപടി ലഭ്യമാക്കിയില്ലെന്ന് ആരോപിച്ചുകൊണ്ടാണ് കമ്മീഷൻ മുമ്പാകെ രണ്ടാം

അപ്പീൽ സമർപ്പിച്ചത്. പ്രസ്തുത അപ്പീൽ ഫയലിൽ സ്വീകരിച്ച കമ്മീഷൻ ഇരുകക്ഷികളെയും നേരിൽ കേൾക്കാൻ നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ കമ്മീഷൻ മുമ്പാകെ നടന്ന നേർവിചാരണയിൽ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറും അപ്പീൽ ഹർജിക്കാരനും ഹാജരായിരുന്നു.

2. വിവരാവകാശ നിയമപ്രകാരം നഗരസഭയിൽ സമർപ്പിച്ച അപേക്ഷയിന്മേൽ ഗൗരവതരമായ നടപടികൾ സ്വീകരിച്ചില്ലെന്നും അപേക്ഷയ്ക്ക് ആധാരമായ കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ളോറിന്റെയും ഒന്നും രണ്ടും നിലകളുടേയും സൺഷെയ്ഡുകളുടെ നിർമ്മാണം ശ്രീമതി.ശുഭകുമാരി ധൃതിപിടിച്ച് പൂർത്തീകരിക്കുകയുണ്ടായെന്നും കെട്ടിട നിർമ്മാണചട്ടം ലംഘിച്ചു നടത്തിയിട്ടുള്ള നിർമ്മാണങ്ങൾ പൊളിച്ചുമാറ്റി കിട്ടണമെന്ന് നിരന്തരം നഗരസഭയിൽ പരാതി നൽകിയെങ്കിലും പരാതിയ്ക്ക് പരിഹാരം ലഭിക്കാത്തതിനാൽ WPC നമ്പർ 12609/13A ആയി റിട്ട് ഫയൽ ചെയ്യുകയും 13.08.2014 ന് ബഹു.ഹൈക്കോടതിയിൽ നിന്ന് വിധി ഉണ്ടാവുകയും പ്രസ്തുത ഉത്തരവ് തിരുവനന്തപുരം നഗരസഭാ സെക്രട്ടറിയ്ക്ക് അയച്ചുകൊടുത്തുവെങ്കിലും നാളിതുവരെയായി യാതൊരു തീരുമാനവും ഉണ്ടാകാത്തതിനാൽ സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയ്ക്ക് വ്യക്തതയില്ലാത്തതും, അപൂർണ്ണവും സുതാര്യത ഇല്ലാത്തതും, സത്യവിരുദ്ധവുമായ മറുപടിയാണ് ലഭ്യമാക്കിയതെന്നും ആയതിനാൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ മൊഴി നൽകുകയുണ്ടായി.

3. തിരുവനന്തപുരം നഗരസഭ ഫോർട്ട് സോണൽ ഓഫീസ് പരിധിയിൽ വരുന്ന ആറ്റുകാൽ വാർഡിൽ എഞ്ചിനീയറിംഗ് വിഭാഗം നടത്തിയ സ്ഥല പരിശോധനയിൽ ഇരുകക്ഷികൾക്കും നഗരസഭ അസ്സസ് ചെയ്തിട്ടുള്ള പ്രകാരം കെട്ടിട നമ്പരുകൾ ലഭ്യമാക്കിയിട്ടുള്ളതായും, വിസ്തീർണ്ണം, നിലകളുടെ വിവരം എന്നിവ അംഗീകൃത കംപ്ലീഷൻ പ്ലാൻ പ്രകാരം ഏകദേശം യോജിക്കുന്ന വിധമായാണ് കാണുന്നതെന്നും എന്നാൽ തള്ളലുകൾ സംബന്ധിച്ച് പരിശോധിച്ചതിൽ ടി നിർമ്മാണങ്ങൾ അസ്സസ് ചെയ്ത സമയത്തുതന്നെ നിർമ്മിച്ചിട്ടുള്ളതായാണ് അറിയാൻ സാധിച്ചിട്ടുള്ളതെന്നും അടുത്തകാലത്ത് പരാതി തുടങ്ങിയ കാലഘട്ടത്തിന്

ശേഷം യാതൊന്നുംതന്നെ ഇരുകക്ഷികളും നടത്തിയിട്ടില്ലെന്നുമാണ് അറിയാൻ സാധിച്ചതെന്നും കോടതി വ്യവഹാരം തീർപ്പ് കൽപ്പിച്ചിട്ടില്ലാത്തതിനാൽ നഗരസഭയുടെ ഭാഗത്ത് നിന്നും തീരുമാനം കൈക്കൊള്ളുന്നതിന് തടസ്സം നേരിട്ടതാകുന്നുയെന്നും ഇരുകക്ഷികളുടേയും കെട്ടിടങ്ങൾ (എ.ആർ.ൽ നിന്നും) 2000 മാർച്ച് 31 ന് മുമ്പ് നിലനിന്നിരുന്നതായാണ് മനസ്സിലാക്കാൻ സാധിച്ചതെന്നും അപ്പീൽഅധികാരി റിപ്പോർട്ടിലൂടെ അറിയിച്ചു.

4. അപ്പീൽ ഹർജിയും, അനുബന്ധ രേഖകളും ഇരുകക്ഷികളുടെയും മൊഴിയും കമ്മീഷൻ വിശദമായി പരിശോധിച്ചു. ഹർജിക്കാരന്റെ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയ്ക്ക് വളരെ നിരുത്തരവാദപരമായ മറുപടിയാണ് എസ്.പി.ഐ.ഒ. നൽകിയിരിക്കുന്നത്. വർഷങ്ങൾക്കുമുമ്പ് നഗരസഭയിൽ നിന്നും കംപ്ലീഷൻ പ്ലാൻ അംഗീകരിച്ച് നമ്പർ ലഭ്യമാക്കിയതിന് ശേഷമാണ് ടിയാൻ കെട്ടിടം പണിതത്. പ്രസ്തുത കെട്ടിടം നിലവിൽ പൊളുച്ചുമാറ്റേണ്ടതാണെന്ന് അറിയിച്ചാൽ ആയത് അംഗീകരിക്കുവാൻ കഴിയില്ല. മാത്രമല്ല ടിയാന്റെ 1,2,4,6 എന്നീ ചോദ്യങ്ങൾക്ക് ഓഫീസ് പ്രവർത്തി ദിവസങ്ങളിൽ നേരിൽ ഹാജരായി ഫയൽ പരിശോധിച്ച് ബന്ധപ്പെട്ട വിവരങ്ങൾ പരിശോധിക്കുവാനുള്ള മറുപടിയാണ് എതിർകക്ഷികൾ നൽകിയിരിക്കുന്നത്. അപേക്ഷകർ ആവശ്യപ്പെടുമ്പോഴാണ് ഓഫീസിൽ നേരിട്ട് ഹാജരായി പരിശോധിക്കാനുള്ള മറുപടി ലഭ്യമാക്കേണ്ടത്. ഇവിടെ ലഭ്യമാക്കുവാൻ കഴിയുന്ന വിവരങ്ങളാണ് ഹർജിക്കാരൻ ആവശ്യപ്പെട്ടിരുന്നത്. ടി വിവരങ്ങൾ നൽകാതെ ഓഫീസിൽ ഹാജരായി വിവരം പരിശോധിക്കേണ്ടതാണെന്ന എസ്.പി.ഐ.ഒ. യുടെ മറുപടി കമ്മീഷന് അംഗീകരിക്കുവാൻ കഴിയില്ല.

5. വസ്തുതകൾ മൊത്തത്തിൽ വിലയിരുത്തുമ്പോൾ വളരെയധികം മാനുഷിക പരിഗണന അർഹിക്കുന്ന വിഷയമാണ് ഹർജിക്കാരന്റേതെന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. അപേക്ഷയിന്മേൽ ആവശ്യപ്പെട്ട വിവരങ്ങൾ ഓഫീസിൽ ഹാ.ജരായി പരിശോധിക്കേണ്ടതാണെന്ന എസ്.പി.ഐ.ഒ.യുടെ മറുപടി ശരിയല്ല. 20.12.2021 ലെ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടത് 6 വിവരങ്ങളായിരുന്നു. ശ്രീ.ഡി.എം.ശശിധരൻ താമസിക്കുന്ന വീടിന് തൊട്ടുപടിഞ്ഞാറുവശം ചേർന്നുള്ള വസ്തു ഉടമയായ ശ്രീമതി.ശുഭകുമാരിയുടെ കെട്ടിടത്തിൽ അനധികൃതമായി നിർമ്മിച്ച

സൺഷെയ്ഡ് പൊളിച്ചുമാറ്റണമെന്നതാണ് പ്രധാന ആവശ്യം. അതുമായി ബന്ധപ്പെട്ട വിവരാവകാശത്തിന് വ്യക്തമായ മറുപടി നൽകാതെ 2 കൂട്ടർക്കും പ്രശ്നമില്ല എന്ന തരത്തിലുള്ള റിപ്പോർട്ടാണ് കമ്മീഷനിൽ ഹാജരാക്കിയിട്ടുള്ളത്. ഇത് എസ്.പി.ഐ.ഒ.യുടെ ഭാഗത്തു നിന്നുള്ള ഗുരുതര വീഴ്ചയായി പ്രഥമദൃഷ്ട്യാ കമ്മീഷന് ബോദ്ധ്യപ്പെട്ടു. ഇപ്രകാരം വീഴ്ചവരുത്തിയ പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ.യ്ക്കെതിരെ വിവരാവകാശനിയമം വകുപ്പ് 20(1) പ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കൈപ്പറ്റി 10 ദിവസത്തിനകം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു മറുപടിയും ലഭിച്ചിട്ടില്ലെങ്കിൽ എതിർകക്ഷിയ്ക്ക് യാതൊന്നും ബോധിപ്പിക്കുവാനില്ലെന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പ് പ്രകാരമുള്ള അന്തിമ നടപടി സ്വീകരിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ നേരിൽകണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ അക്കാര്യം ടിയാന്റെ വിശദീകരണത്തിൽ പ്രത്യേകം സ്പഷ്ടമാക്കേണ്ടതുമാണ്.

6. പ്രസ്തുത സാഹചര്യത്തിൽ കോടതി വിധിയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികളെ സംബന്ധിച്ചും, ഇപ്പോഴും കോടതിയിൽ വ്യവഹാരം നിലനിൽക്കുന്നു എങ്കിൽ അതിന്റെ വിശദാംശം ഉൾപ്പെടെയുള്ള വിവരങ്ങൾ ഈ ഉത്തരവ് ലഭിച്ച് 10 ദിവസത്തിനകം ടിയാന് ലഭ്യമാക്കേണ്ടതും പ്രസ്തുത വിവരം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതുമാണ്. ഇപ്രകാരം ഈ അപ്പീൽ ഹർജിയിന്മേൽ ഇന്നേ ദിവസം 2022 ഡിസംബർ മാസം 30-ാം തീയതി ഉത്തരവാകുന്നു.

(ഒപ്പ്)

**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

**കമ്മീഷൻ സെക്രട്ടറി**

Jn